**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4296** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കൽക്കരി ക്ഷാമത്തെ തുടർന്ന് രാജ്യത്ത് വൈദ്യുതി മേഖലയിൽ ഉണ്ടായ പ്രതിസന്ധി സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്നാണ് കണക്കാക്കുന്നത്; വിശദമാക്കുമോ; | (എ) | കൽക്കരി ക്ഷാമം മൂലം കേന്ദ്രപൂളിൽ നിന്നും ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ദീർഘ കാല പരിഹാര പദ്ധതിയായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പി ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, വ്യത്യസ്തങ്ങളായ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെടുക എന്നിവ പരിഗണിക്കാവുന്നതാണ് |
| (ബി) | ഇത് നേരിടാൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കൽക്കരി ക്ഷാമം മൂലം കേന്ദ്രപൂളിൽ നിന്നും ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ദീർഘ കാല പരിഹാര പദ്ധതിയായി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പി ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, വ്യത്യസ്തങ്ങളായ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെടുക എന്നിവ പരിഗണിക്കാവുന്നതാണ് |
| (സി) | പ്രസ്തുത കാരണത്താൽ കെ.എസ്.ഇ.ബി. യ്ക്ക് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കൽക്കരി ക്ഷാമം മൂലമുള്ള അധിക സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല. |
| (ഡി) | നിലവിലെ പ്രതിസന്ധി സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യം നേരിടുന്ന സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ unallocated share ആയി ശേഷിക്കുന്ന 15% വിഹിതത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാനത്തെ ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉല്പാദനം പരമാവധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ